182456/2019/FC DCTSR

കളക്ടറേറ്റ്
23 SEP 2019
തൃശ്ശൂർ-680003

തൃശ്ശൂർ
23-09-2019

പ്രേഷിതൻ

ഡോ. ജോർജ്ജ് അലക്സ്,
ചെയർപേഴ്സൺ
മാള സിനഗോഗിലേക്കുള്ള നേരിട്ടുള്ള വഴിക്കുവേണ്ടി
ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് നടത്തിയ
സാമൂഹികാഘാതപഠന റിപ്പോർട്ട് വിലയിരുത്താൻ
ബഹു. തൃശ്ശൂർ ജില്ലാ കളക്ടർ രൂപീകരിച്ച വിദഗ്ദ്ധസമിതി.

സ്വീകർത്താവ്

ബഹു. തൃശ്ശൂർ ജില്ലാ കളക്ടർ,
അയ്യന്തോൾ, തൃശ്ശൂർ.

E5

സാർ,

വിഷയം:- മാള സിനഗോഗിലേക്കുള്ള നേരിട്ടുള്ള വഴിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച് YSSO, കോതമംഗലം തയ്യാറാക്കിയ സാമൂഹികാഘാതപഠന റിപ്പോർട്ട് വിലയിരുത്തി അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നത്- സംബന്ധിച്ച്.

സൂചന:- തൃശ്ശൂർ ജില്ലാ കളക്ടറുടെ ഉത്തരവ് നമ്പർ DCTSR/2479/2018/E5 തീയതി 24-08-2019.

Recd
23/09/19

REGI P. JOSEPH
DEPUTY COLLECTOR (GENERAL) &
ADDL. DISTRICT MAGISTRATE
THRISSUR-680003

സൂചനയിൽ പരാമർശിക്കുന്ന ഉത്തരവ് പ്രകാരം മാള സിനഗോഗിലേക്കുള്ള നേരിട്ടുള്ള വഴിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച് YSSO, കോതമംഗലം തയ്യാറാക്കിയ സാമൂഹികാഘാതപഠന റിപ്പോർട്ട് വിലയിരുത്തിക്കൊണ്ടുള്ള വിദഗ്ദ്ധ സമിതിയുടെ അന്തിമ റിപ്പോർട്ടും അതിനായിചേർന്ന വിദഗ്ദ്ധസമിതിയോഗങ്ങളുടെ മിനിറ്റ്സും ഇതോടൊപ്പം സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്) 23/9/19

ഡോ. ജോർജ്ജ് അലക്സ്,
ചെയർപേഴ്സൺ,
വിദഗ്ദ്ധസമിതി.

പകർപ്പ്:- എല്ലാ വിദഗ്ദ്ധസമിതി അംഗങ്ങൾക്കും.

ഉള്ളടക്കം:-
1. വിദഗ്ധസമിതിയുടെ ആദ്യ യോഗത്തിന്റെ മിനിറ്റ്സ് (2 pages)
2. വിദഗ്ധസമിതിയുടെ രണ്ടാം യോഗത്തിന്റെ മിനിറ്റ്സ് (2 pages)
3. വിദഗ്ധസമിതിയുടെ അവസാന യോഗത്തിന്റെ മിനിറ്റ്സ് (1 page)
4. വിദഗ്ധസമിതി അംഗീകരിച്ച അന്തിമ റിപ്പോർട്ട് - (5 pages)

ആകെ 10 pages

(ഒപ്പ്)
23/9/19

182456/2019/FC DCTSR

മാള സിനഗോഗിലേക്കുള്ള നേരിട്ടുള്ള വഴിയ്ക്കായി ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച് നടത്തിയ സാമൂഹികാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി തൃശ്ശൂർ ജില്ലാ കലക്ടർ രൂപീകരിച്ച വിദഗ്ദ്ധസമിതിയുടെ ആദ്യയോഗത്തിന്റെ മിനുട്ട്സ്.

സൂചന :– ഉത്തരവ് നം. DCTSR/2479/2018/E5, 24/08/2019

സ്ഥലം :– ഓഡിയോ വിഷ്വൽ റൂം,മാള ഗ്രാമപഞ്ചായത്ത്, മാള

തീയ്യതിയും സമയവും :– 2019 സെപ്റ്റംബർ 20, 11.00 a.m.

ഹാജർ

| ക്രമ നമ്പർ | പേര് | ഒപ്പ് |
|---|---|---|
| 1 | ഡോ.ജോർജ്ജ് അലക്സ്,<br>ചെയർപേഴ്സൺ, വിദഗ്ദ്ധ സമിതി | (ഒപ്പ്) |
| 2 | ഡോ. രമ്യ. ആർ,<br>ഗവ.കോളേജ്, കുട്ടനെല്ലൂർ,തൃശ്ശൂർ, | (ഒപ്പ്) |
| 3. | പി. എസ്. സുരേന്ദ്രൻ,<br>റിട്ട.ഡെപ്യൂട്ടി കളക്ടർ. | (ഒപ്പ്) |
| 4. | രാമചന്ദ്രൻ ശ്രീ സി,<br>റിട്ട.ഡെപ്യൂട്ടി കളക്ടർ. | (ഒപ്പ്) |
| 5. | എം. കെ. ജോസഫ്,<br>മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡ്. | (ഒപ്പ്) |
| 6. | പി. കെ. സുകുമാരൻ,<br>ഭരണസമിതി അംഗം, മാള ഗ്രാമപഞ്ചായത്ത്. | (ഒപ്പ്) |
| 7. | രാധാ ഭാസ്കരൻ,<br>ഭരണസമിതി അംഗം, മാള ഗ്രാമപഞ്ചായത്ത്. | (ഒപ്പ്) |

തീരുമാനങ്ങൾ: –

1. മാള യഹൂദ സിനഗോഗിലേക്കുള്ള നേരിട്ടുള്ള വഴിയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ചു ആൽഫ സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ (4330) കോതമംഗലം നടത്തിയ സാമൂഹികാഘാത പഠനത്തിന്റെ റിപ്പോർട്ട് ചെയർപേഴ്സൺ യോഗത്തിൽ അവ

(ഒപ്പ്)
20/9/19
ഡോ. ജോർജ്ജ് അലക്സ്
ചെയർപേഴ്സൺ

തരിച്ചു. വിദഗ്ധ സമിതി അംഗങ്ങൾ SIA പഠന റിപ്പോർട്ട് വിശകലനം ചെയ്ത് സംസാരിച്ചു.

2. മാള സിനഗോഗിലേക്കുള്ള നേരിട്ടുള്ള വഴിക്കുവേണ്ടി ഏറ്റെടുക്കുന്നതിന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പദ്ധതി സ്ഥലം ഉച്ചയ്ക്ക് 12.30 സന്ദർശിക്കുന്നതിനു അതിനുശേഷം മാള സിനഗോഗിൽ നിന്നും വിദഗ്ധ സമിതി യോഗം ചേരുന്നതിനും തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് 12.മണിക്ക് സമാപിച്ചു.

20/09/19

ഡോ. ജോർജ്ജ് അലക്സ്
ചെയർപേഴ്സൺ
വിദഗ്ധ സമിതി

1/2

മാള സിനഗോഗിലേക്കുള്ള നേരിട്ടുള്ള വഴിയ്ക്കായി ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച് നടത്തിയ സാമൂഹികാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി തൃശ്ശൂർ ജില്ലാ കലക്ടർ രൂപീകരിച്ച വിദഗ്ദ്ധസമിതി സ്ഥലം സന്ദർശിച്ചതിനുശേഷമുള്ള യോഗത്തിന്റെ മിനുട്ട്സ്.

സൂചന :- ഉത്തരവ് നം. DCTSR/2479/2018/E5, 24/08/2019

സ്ഥലം :- മാള യഹൂദ സിനഗോഗ്, മാള.

തീയ്യതിയും സമയവും :- 2019 സെപ്റ്റംബർ 20, 2.30 p.m.

ഹാജർ

| ക്രമ നമ്പർ | പേര് | ഒപ്പ് |
|---|---|---|
| 1 | ഡോ.ജോർജ്ജ് അലക്സ്, ചെയർപേഴ്സൺ, വിദഗ്ദ്ധ സമിതി | |
| 2 | ഡോ. രമ്യ. ആർ, ഗവ.കോളേജ്, കുട്ടനെല്ലൂർ,തൃശ്ശൂർ, | |
| 3. | പി. എസ്. സുരേന്ദ്രൻ, റിട്ട.ഡെപ്യൂട്ടി കളക്ടർ. | |
| 4. | രാമചന്ദ്രൻ ജി സി, റിട്ട.ഡെപ്യൂട്ടി കളക്ടർ. | |
| 5. | എം. കെ. ജോസഫ്, മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡ്. | |
| 6. | പി. കെ. സുകുമാരൻ, ഭരണസമിതി അംഗം, മാള ഗ്രാമപഞ്ചായത്ത്. | |
| 7. | രാധാ ഭാസ്കരൻ, ഭരണസമിതി അംഗം, മാള ഗ്രാമപഞ്ചായത്ത്. | |

തീരുമാനങ്ങൾ: –

- വിദഗ്ധസമിതി അംഗങ്ങൾ 2019 സെപ്തംബർ 20-ന് ഉച്ചകഴിഞ്ഞു 12.30ന് പദ്ധതി സ്ഥലം സന്ദർശിച്ചു
- നിർദിഷ്ട പദ്ധതി സംരക്ഷിത ചരിത്ര സ്മാരകമായ മാള സിനഗോഗിന്റെ സംരക്ഷണത്തിനും നാടിന്റെ ടൂറിസം വികസനത്തിനും വാണിജ്യ പുരോഗതിക്കും

ഡോ. ജോർജ്ജ് അലക്സ്
ചെയർപേഴ്സൺ
വിദഗ്ധസമിതി.

അത്യന്താപേക്ഷിതമായ ഒരു പൊതു ആവശ്യം (pubic purpose) ആണെന്നും SIA പഠന സമിതി റിപ്പോർട്ട് വിദഗ്ധ സമിതിക്ക് ബോധ്യപ്പെട്ടു.

* ടി പദ്ധതിയുടെ രേഖകൾ നഷ്ടപ്പെടാതെ സർക്കാർ വിജ്ഞാപനത്തിനാൽ പദ്ധതിക്ക് വേണ്ടി നിർദ്ദേശിക്കപ്പെട്ട സ്ഥലം ഏറ്റെടുക്കുന്നതിനും ഇതിനെ തുടർന്ന് സ്ഥലവും കെട്ടിടവും ഉപജീവനമാർഗ്ഗവും നഷ്ടപ്പെടുന്നവർക്ക് SIA പഠന റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരിക്കുന്നതു പോലെ RFCTLARRA 2013 പ്രകാരം ന്യായമായ നഷ്ടപരിഹാരം നൽകുന്നതിനും യോഗം തീരുമാനിച്ചു.
* വിദഗ്ധ സമിതി നിഗമനങ്ങളിന്മേൽ അന്തിമ റിപ്പോർട്ട് തയ്യാറാക്കുന്നതിന് യോഗം ചെയർപേഴ്സണെ ചുമതലപ്പെടുത്തി.
* അന്തിമ റിപ്പോർട്ട് പരിഗണിക്കുന്നതിനായി 2019 സെപ്റ്റംബർ 23-ാം തീയതി 3.00 pm ന് തൃശ്ശൂർ ജില്ലാ കളക്ടറേറ്റിൽ വച്ച് യോഗം ചേരുന്നതിനും തീരുമാനിച്ചു.

യോഗം 4.00 pm ന് സമാപിച്ചു.

(signature) 20/9/19
ഡോ. ജോർജ്ജ് അലക്സ്
ചെയർപേഴ്സൺ
വിദഗ്ധ സമിതി

182456/2019/FC DCTSR

**മാള സിനഗോഗിലേക്കുള്ള നേരിട്ടുള്ള വഴിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച് നടത്തിയ സാമൂഹികാഘാതപഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർ രൂപീകരിച്ച വിദഗ്ദ്ധസമിതിയുടെ അവസാന യോഗത്തിന്റെ മിനിറ്റ്സ്.**

...............

സൂചന:– ഉത്തരവ് നമ്പർ DCTSR/2479/2018/E5 തീയതി 24-08-2019

സ്ഥലം:- L.A. ഡെപ്യൂട്ടി കളക്ടറുടെ ചേംബർ, കളക്ടറേറ്റ്, തൃശ്ശൂർ.

തീയതിയും സമയവും:- 2019 സെപ്തംബർ 23, 3.00 P.M.

ഹാജർ:–

| ക്രമ നമ്പർ | പേര് | ഒപ്പ് |
|---|---|---|
| 1 | ഡോ. ജോർജ്ജ് അലക്സ്,<br>ചെയർപേഴ്സൺ, വിദഗ്ദ്ധസമിതി. | |
| 2 | ഡോ. രമ്യ. ആർ.<br>ഗവ. കോളേജ്, കുട്ടനെല്ലൂർ, തൃശ്ശൂർ. | |
| 3 | പി.എസ്. സുരേന്ദ്രൻ,<br>റിട്ട. ഡെപ്യൂട്ടി കളക്ടർ | |
| 4 | രാമചന്ദ്രൻ സി.സി.<br>റിട്ട. ഡെപ്യൂട്ടി കളക്ടർ | |
| 5 | എം. കെ. ജോസഫ്,<br>മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡ് | |
| 6 | പി.കെ. സുകുമാരൻ,<br>ഭരണസമിതി അംഗം, മാള ഗ്രാമ പഞ്ചായത്ത് | |
| 7 | രാധാ ഭാസ്കരൻ,<br>ഭരണസമിതി അംഗം, മാള ഗ്രാമ പഞ്ചായത്ത് | |

തീരുമാനങ്ങൾ:–

1. കഴിഞ്ഞ യോഗത്തിലെ തീരുമാനപ്രകാരം ചെയർപേഴ്സൺ തയ്യാറാക്കിയ വിദഗ്ദ്ധ സമിതിയുടെ അന്തിമ വിലയിരുത്തൽ റിപ്പോർട്ട് യോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു. ടി റിപ്പോർട്ട് അംഗങ്ങൾ ചർച്ച ചെയ്ത് അംഗീകരിച്ചു. റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.
2. അന്തിമ റിപ്പോർട്ടും അനുബന്ധ രേഖകളും ബഹു. തൃശ്ശൂർ ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്നതിന് യോഗം ചെയർപേഴ്സണെ ചുമതലപ്പെടുത്തി.

യോഗം 4.00 p.m ന് സമാപിച്ചു.

23/9/19
ഡോ. ജോർജ്ജ് അലക്സ്
ചെയർപേഴ്സൺ
വിദഗ്ദ്ധ സമിതി

**<u>The Right to Fair Compensation and Transparency in Land, Acquisition, Rehabilitation and Resettlement Act, 2013 (RFCTLARRA, 2013) പ്രകാരം തൃശ്ശൂർ ജില്ലയിൽ ചാലക്കുടി താലൂക്കിൽ വടമ വില്ലേജിൽ മാള സിനഗോഗിലേക്ക് നേരിട്ടുള്ള വഴിക്കുവേണ്ടി ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ, കോതമംഗലം തയ്യാറാക്കിയ സാമൂഹികാഘാതപഠനറിപ്പോർട്ട് വിലയിരുത്തുന്നതിനായി ബഹു. തൃശ്ശൂർ ജില്ലാ കളക്ടർ രൂപീകരിച്ച വിദഗ്ദ്ധസമിതി സമർപ്പിക്കുന്ന അന്തിമ റിപ്പോർട്ട്.</u>**

സൂചന:- 1) തൃശ്ശൂർ ജില്ലാ കളക്ടറുടെ ഉത്തരവ് നമ്പർ DCTSR/2479/2018/E5 Dt. 24-08-2019
2) യൂത്ത് സോഷ്യൽസർവ്വീസ് ഓർഗനൈസേഷൻ, (YSSO) കോതമംഗലം തൃശ്ശൂർ ജില്ലാ കളക്ടർക്ക് സമർപ്പിച്ച അന്തിമ സാമൂഹികാഘാതപഠന റിപ്പോർട്ട്, തീയതി 13-07-2019.

...............

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

സൂചന (1) പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർ മാള സിനഗോഗിലേക്കുള്ള നേരിട്ടുള്ള വഴിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച് യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ (YSSO), കോതമംഗലം സൂചന (2) പ്രകാരം നടത്തിയ സാമൂഹികാഘാതപഠനത്തിന്റെ റിപ്പോർട്ട് (Social Impact-Assessment Study Report – SIA Report) വിലയിരുത്തുന്നതിനായി 1) ഡോ. ജോർജ്ജ് അലക്സ് (ചെയർപേഴ്സൺ), 2) ഡോ. രമ്യ. ആർ. (അനൗദ്യോഗിക സാമൂഹികശാസ്ത്രജ്ഞർ), 3) ശ്രീ. പി.എസ്. സുരേന്ദ്രൻ, 4) ശ്രീ. രാമചന്ദ്രൻ ടി. സി. (പുനരധിവാസപ്രവർത്തനങ്ങളിലെ വിദഗ്ദ്ധർ) 5) ശ്രീ. എം. കെ. ജോസഫ് (മുസിരിസ് പ്രൊജക്ട്സ് ലിമിറ്റഡ്) 6) ശ്രീ. പി.കെ. സുകുമാരൻ, 7) ശ്രീമതി. രാധാഭാസ്കരൻ (മാള പഞ്ചായത്തിന്റെ പ്രതിനിധികൾ) എന്നീ ഏഴംഗങ്ങൾ ഉൾപ്പെട്ട വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുകയണ്ടായി.

സൂചന (2) പ്രകാരം YSSO, കോതമംഗലം ടി ഭൂമി സർക്കാർ ഏറ്റെടുക്കുന്നതു സംബന്ധിച്ച സാമൂഹികാഘാതപഠനം നടത്തി റിപ്പോർട്ട് (തീയതി, 13-07-2019) തൃശ്ശൂർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുള്ളതാണ്.

വിദഗ്ദ്ധ സമിതി അംഗങ്ങളുടെ ആദ്യയോഗം 2019 സെപ്തംബർ 20-ാം തീയതി രാവിലെ പതിനൊന്നുമണിക്ക് (11.00 AM) ചെയർപേഴ്സൺ ഡോ. ജോർജ്ജ് അലക്സിന്റെ അദ്ധ്യക്ഷതയിൽ മാള പഞ്ചായത്തിന്റെ ഓഡിയോ വിഷ്വൽ റൂമിൽ ചേരുകയുണ്ടായി. സമിതിയിലെ എല്ലാ അംഗങ്ങളും യോഗത്തിൽ ഹാജരായിരുന്നു.

സൂചന (2) പ്രകാരമുള്ള റിപ്പോർട്ട് ചെയർപേഴ്സൺ യോഗത്തിൽ അവതരിപ്പിക്കുകയും അംഗങ്ങൾ റിപ്പോർട്ട് വിശകലനം ചെയ്യുകയും അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയും ചെയ്തു. ഏറ്റെടുക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥലത്തിന്റെ സ്ഥിതി നേരിൽ കണ്ടു മനസ്സിലാക്കുന്നതിനായി യോഗതീരുമാനപ്രകാരം വിദഗ്ദ്ധസമിതി അംഗങ്ങൾ അന്നേ ദിവസം ഉച്ചയ്ക്ക് 12.30 (12.30 PM) ന് ടി സ്ഥലം സന്ദർശിക്കുകയും ചെയ്തു.

(....2)

23/5/19

സ്ഥലം സന്ദർശനത്തിന്റെ പശ്ചാത്തലത്തിൽ അന്നേ ദിവസം (2019 സെപ്തംബർ, 20) ഉച്ചകഴിഞ്ഞ് 2.30 (2.30 PM) ന് വിദഗ്ദ്ധസമിതി മാള സിനഗോഗിൽ യോഗം ചേരുകയും പ്രസ്തുതയോഗത്തിൽ സമിതി അംഗങ്ങൾ SIA റിപ്പോർട്ടും സ്ഥലം സന്ദർശനത്തിലെ കണ്ടെത്തലുകളും ബന്ധപ്പെടുത്തി ചർച്ചകളും വിശകലനങ്ങളും നടത്തുകയും ചെയ്തു.

കേരള സർക്കാർ സംരക്ഷിതസ്മാരകമായി പ്രഖ്യാപിച്ച മാള സിനഗോഗിന്റെ സംരക്ഷണത്തിനും സുരക്ഷിതത്ത്വത്തിനും നാടിന്റെ പുരോഗതിക്കും വികസനത്തിനും അത്യന്താപേക്ഷിതമായ ഒരു പൊതു ആവശ്യമാണ് (Public Purpose) നിർദ്ദിഷ്ടപദ്ധതിയും അതിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലുമെന്ന് SIA റിപ്പോർട്ടിന്റേയും സ്ഥലം സന്ദർശനത്തിന്റേയും അടിസ്ഥാനത്തിൽ വിദഗ്ദ്ധസമിതി യോഗം വിലയിരുത്തി. ടി പദ്ധതിമൂലമുണ്ടാകുന്ന നേട്ടങ്ങൾ അതുമൂലമുണ്ടാകുന്ന നഷ്ടത്തേക്കാൾ വളരെയധികമാണെന്നതിനാൽ പദ്ധതിക്കുവേണ്ടി സ്ഥലം ഏറ്റെടുക്കണമെന്ന് ശുപാർശചെയ്യുന്നതിന് യോഗം തീരുമാനിച്ചു. ആഘാത ബാധിതർക്ക് RFCTLARRA, 2013 പ്രകാരം നഷ്ടപരിഹാരം നൽകേണ്ടതാണെന്ന SIA റിപ്പോർട്ടിനോട് യോജിച്ചുകൊണ്ട് അക്കാര്യം ശുപാർശചെയ്യുന്നതിനും വിദഗ്ദ്ധസമിതി യോഗം തീരുമാനിച്ചു. അന്തിമവിലയിരുത്തൽ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ട വസ്തുതകളെപ്പറ്റി യോഗം പൊതുധാരണയിലെത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ RFCTLARRA, 2013ലെ 7(5) (a) (b) വകുപ്പുകൾ പ്രകാരം അന്തിമവിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ചെയർപേഴ്സണെ ചുമതലപ്പെടുത്തുകയും ചെയ്തു. മേൽപ്പറഞ്ഞ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരമുള്ള SIA റിപ്പോർട്ടിനെപ്പറ്റി താഴെപ്പറയുന്ന വിലയിരുത്തലുകളും ശുപാർശകളുമടങ്ങുന്ന റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നു.

1. ചരിത്രസ്മാരകമായ മാള സിനഗോഗിന്റെ സംരക്ഷണത്തിനും സുരക്ഷിതത്ത്വത്തിനും അനുബന്ധ ടൂറിസവികസനത്തിനും വേണ്ടി സിനഗോഗിനും കിഴക്കുഭാഗത്തുള്ള PWD റോഡിനുമിടയിലുള്ള ഏകദേശം 215 ച.മീ. (0.0215 ഹെ.) വിസ്തീർണ്ണമുള്ള ഭൂമി ഏറ്റെടുക്കുന്നത് ഒരു പൊതുആവശ്യം (Public Purpose) ആണെന്ന് വിദഗ്ദ്ധസമിതി വിലയിരുത്തുന്നു.

2. ഇന്ത്യയിലെത്തന്നെ ഏറ്റവും പഴക്കമുള്ള സിനഗോഗുകളിൽ ഒന്നായ മാള സിനഗോഗ് മുൻവശത്തുനിന്ന് പ്രവേശനകവാടം ഇല്ലാത്ത ഇന്ത്യയിലെ ഏക സിനഗോഗ് ആണെന്ന പോരായ്മ ഇതുമായി ബന്ധപ്പെട്ട ടൂറിസസാദ്ധ്യതയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന SIA റിപ്പോർട്ടിലെ അഭിപ്രായത്തോട് (പേജ് 8) വിഗ്ദ്ധസമിതി യോജിക്കുന്നു. മാളയിലെ യഹൂദസമുദായം ഒന്നടങ്കം ഇസ്രായേലിലേക്ക് കുടിയേറിയതിനെത്തുടർന്ന് അടച്ചുപൂട്ടിയ മുമ്പിലെ പ്രവേശനകവാടം നിർദ്ദിഷ്ടപദ്ധതിയിലൂടെ പുനഃസ്ഥാപിക്കുന്നത് പൈതൃകടൂറിസത്തെ പ്രോൽസാഹിപ്പിക്കുന്ന നടപടിയായതുകൊണ്ടും ഈ പദ്ധതി മാളയുടെ സമഗ്രപുരോഗതിക്കു പകരിക്കുമെന്നുള്ളതുകൊണ്ടും ഈ പദ്ധതി പൊതു ആവശ്യം (Public Purpose) തന്നെയായി സമിതി വിലയിരുത്തുന്നു.

(....3)

22/5/19

3. ധാരാളം ടൂറിസ്റ്റുകളേയും ഗവേഷകരേയും ആകർഷിക്കുന്ന മാള സിനഗോഗിന്റെ ഇപ്പോഴത്തെ അവസ്ഥ പരിതാപകരമാണെന്നും അതിന്റെ പരിസരം മാലിന്യവും ദുർഗന്ധവും നിറഞ്ഞതാണെന്നും ഈ ദുരവസ്ഥയിൽ നിന്നും മാള സിനഗോഗിനെ സംരക്ഷിക്കേണ്ടതാണെന്നുമുള്ള പഠനറിപ്പോർട്ടിലെ അഭിപ്രായം (പേജ് 8, 50) വിദഗ്ദ്ധ സമിതി അംഗീകരിക്കുന്നു.

4. മാളയുടെ ചരിത്രവും പൈതൃകവും സംരക്ഷിക്കുന്നതിനുപകരിക്കുന്ന നിർദ്ദിഷ്ടപദ്ധതി, ഇന്ത്യയുടെ സമ്പന്നമായ പൈതൃകം സംരക്ഷിക്കേണ്ടത് ഏതൊരു പൗരന്റേയും കടമയാണെന്നനുശാസിക്കുന്ന ഇന്ത്യൻ ഭരണഘടനയുടെ 51A(f) എന്ന അനുച്ഛേദത്തിന്റെ അന്തസ്സത്ത ഉൾക്കൊള്ളുന്ന പദ്ധതിയാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

5. നിർദ്ദിഷ്ടപദ്ധതിയും അതിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലും മൂലം സമൂഹത്തിനുണ്ടാകുന്ന നേട്ടങ്ങൾ താഴെ പറയുന്ന കാരണങ്ങളാൽ അതുമൂലമുണ്ടാകുന്ന നഷ്ടത്തേക്കാൾ വളരെക്കൂടതലാണെന്ന് വിദഗ്ദ്ധസമിതി വിലയിരുത്തുന്നു.

6. മാള സിനഗോഗിന്റെ സംരക്ഷണനടപടികളും കിഴക്കുനിന്ന് നേരിട്ടുള്ള വഴി (പ്രവേശനകവാടം) പുന:സ്ഥാപിക്കുന്നതും മാളയുടെ ടൂറിസവികസനത്തിന് വളരെയേറെ ഉപകരിക്കുന്നതാണ്. ഈ പദ്ധതിയോടൊപ്പം തന്നെ മുസിരിസ് പൈതൃകപദ്ധതിയിൽ ഉൾപ്പെടുത്തി തൊട്ടടുത്തുള്ള ചരിത്രസ്മാരകമായ മാള യഹൂദ സെമിത്തേരി സംരക്ഷിക്കുന്നതിനും തീരുമാനിച്ചതായി SIA റിപ്പോർട്ടിൽ കാണുന്നു. പൈതൃകടൂറിസവികസനം ലക്ഷ്യമാക്കി സിനഗോഗിന് സമീപമുള്ള മാളക്കടവ് സംരക്ഷിക്കുന്നതിനും മാളക്കടവ് - കൊടുങ്ങല്ലൂർ പൈതൃകജലഗതാഗതപ്പാത പുന:രുജ്ജീവിപ്പിക്കുന്നതിനും മുസിരിസ്പദ്ധതി അധികൃതർ തീരുമാനിച്ചതായി SIA റിപ്പോർട്ടിൽ (പേജ് 24, 25, 26) നിന്ന് മനസ്സിലാക്കുന്നു. ഈ പദ്ധതികൾ യാഥാർത്ഥ്യമാകുന്നതോടുകൂടി മാളയിൽ ശ്രദ്ധേയമായ ടൂറിസവികസനവും വാണിജ്യപുരോഗതിയും അടിസ്ഥാനസൗകര്യവികസനവുമുണ്ടാകുമെന്ന SIA റിപ്പോർട്ടിലെ അഭിപ്രായത്തോട് വിദഗ്ദ്ധസമിതി യോജിക്കുന്നു.

7. സിനഗോഗിന്റെ സംരക്ഷണത്തിനായി 75 ലക്ഷം ക. മുസിരിസ് പദ്ധതിയിൽ ഉൾപ്പെടുത്തിക്കഴിഞ്ഞു എന്നും ഇതു സംബന്ധിച്ച സംരക്ഷണനടപടികൾ ഏതാനും ദിവസങ്ങൾക്കുള്ളിൽ ആരംഭിക്കുമെന്നും മുസിരിസ് പദ്ധതി കോ-ഓർഡിനേറ്റർ യോഗത്തെ അറിയിക്കുകയുണ്ടായി. സിനഗോഗിന്റെ സംരക്ഷണവും അനുബന്ധടൂറിസവികസനവും പൂർണ്ണമാകണമെങ്കിൽ നിർദ്ദിഷ്ടപദ്ധതി നടപ്പാകേണ്ടതുണ്ടെന്നും മേൽപ്പറഞ്ഞ ടൂറിസവികസന നടപടികൾ മാളയുടെ സമഗ്രപുരോഗതിക്ക് കാരണമാകുമെന്നും സമിതി വിലയിരുത്തുന്നു.

(....4)

23/5/19

8. മാള സിനഗോഗിനും അതിന്റെ കിഴക്കുഭാഗത്തുകൂടി കടന്നുപോകുന്ന PWD റോഡിനുമിടയിലുള്ള ഏകദേശം 215 ച.മീ. (0.0215 ഹെ.) സ്ഥലം മാത്രമാണ് മാള സിനഗോഗിന്റെ സുരക്ഷിതത്ത്വത്തിനും സംരക്ഷണത്തിനും നേരിട്ടുള്ള വഴിക്കും വേണ്ടി ഏറ്റെടുക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. നിർദ്ദിഷ്ടപദ്ധതിക്കാവശ്യമായ മിനിമം സ്ഥലം (absolute bare minimum for the project) മാത്രമാണിതെന്ന് വിദഗ്ദ്ധ സമിതി വിലയിരുത്തുന്നു.

9. എട്ടു ഉടമസ്ഥരുടെ വകയായി അടുത്തടുത്തായി കിടക്കുന്ന 8 പ്ലോട്ടുകളായാണ് മേൽപ്പറഞ്ഞ 215 ച.മീ. (0.0215 ഹെ.) സ്ഥലം സ്ഥിതിചെയ്യുന്നത്. ഇതിൽ ഏഴെണ്ണം കച്ചവടം നടത്തുന്നതോ നടത്തിയിരുന്നതോ ആയ കടമുറികൾ ഉള്ളതാണ്. ഇവയിൽ ഏറ്റവും വലുത് 27 ച.മീ.ഉം ഏറ്റവും ചെറുത് 3 ച.മീ.ഉം വിസ്തീർണ്ണമുള്ളതാണ്. എട്ടാമത്തെ പ്ലോട്ട് (ആനി തോമാസ് വക) കെട്ടിടങ്ങളില്ലാത്ത 71 ച.മീ. വിസ്തീർണ്ണമുള്ള സ്ഥലമാണ്. കച്ചവടക്കാരിൽ പലരും വർഷങ്ങളായി അവിടെ കച്ചവടം ചെയ്യുന്നവരാണ്.

10. PWD റോഡരികിലെ കടകളെല്ലാംതന്നെ 70 വർഷം പഴക്കമുള്ളതാണെന്ന് വിദഗ്ദ്ധസമിതിയിലെ പഞ്ചായത്തുപ്രതിനിധികൾ അഭിപ്രായപ്പെട്ടു. ചുമരുകൾ പൊളിഞ്ഞതും ജനാലകൾ തകർന്നതും വർഷങ്ങൾ പഴക്കമുള്ളതുമായ കെട്ടിടങ്ങളാണ് അവയെന്ന് സിനഗോഗിൽനിന്ന് നോക്കുമ്പോൾ ബോദ്ധ്യമാകുന്നതാണ്.

11. സ്ഥലം നഷ്ടപ്പെടുന്ന എട്ട് ഉടമകളിൽ മൂന്ന് പേർ 1) അലി പറമ്പക്കണ്ടത്തിൽ 2) സ്റ്റൻസിലാവോസ് എവ്യൂജിൻ പെരേപ്പാടൻ 3) ആനി തോമാസ് എന്നിവർ ന്യായമായ നഷ്ടപരിഹാരം നൽകിയാൽ പദ്ധതിക്കായി സ്ഥലം വിട്ടുനൽകുന്നതിന് സമ്മതമാണെന്നറിയിച്ചതായി SIA റിപ്പോർട്ടിൽ (പേജ് 19, 20, 21) രേഖപ്പെടുത്തിയിരിക്കുന്നു. പദ്ധതിക്കുവേണ്ടി ആകെവേണ്ടിവരുന്ന ഭൂമിയുടെ പകുതിയോളം ഇവരുടെ മൂന്ന്പേരുടേയുംകൂടി ഉടമസ്ഥതയിലുണ്ട്. അവശേഷിക്കുന്ന സ്ഥലത്തിന്റെ ഉടമകൾ സ്ഥലം ഏറ്റെടുക്കുന്നതിന് അനുകൂലമല്ല.

12. ഏറ്റെടുക്കുന്ന സ്ഥലത്തെ കെട്ടിടങ്ങളിലെ കച്ചവടത്തെ ആശ്രയിച്ചുകഴിയുന്ന ഏതാനും വ്യക്തികളുടെ ഉപജീവനമാർഗ്ഗത്തേയും ഏറ്റെടുക്കൽ നടപടി പ്രതികൂലമായി ബാധിക്കുന്നതാണ്. സ്ഥലം ഏറ്റെടുക്കൽ മൂലമുണ്ടാകുന്ന സാമൂഹികാഘാതത്തെ നേരിടുന്നതിന് RFCTLARRA, 2013 നിഷ്കർഷിക്കുന്ന പ്രകാരമുള്ള നഷ്ടപരിഹാരം മതിയാകുമെന്നും അത് യഥാസമയം നൽകണമെന്നുമുള്ള SIA റിപ്പോർട്ടിലെ അഭിപ്രായത്തോട് (പേജ് 9, 44) വിദഗ്ദ്ധസമിതി യോജിക്കുന്നു.

(....5)

23/9/19

13. സ്ഥലം ഏറ്റെടുക്കലിന്റെ ആഘാതം അനുഭവപ്പെടുന്നവർക്ക് പ്രസക്തനിയമങ്ങൾ പ്രകാരമുള്ള നഷ്ടപരിഹാരനടപടികൾ കഴിയുന്നത്രവേഗമുണ്ടാകണമെന്ന് സമിതിയിലെ പഞ്ചായത്തുപ്രതിനിധികൾ അഭിപ്രായപ്പെട്ടത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

14. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, കൈവശകാലയളവ്, വാടകച്ചീട്ട്, കച്ചവടലൈസൻസ്, കടകളിലെ ജോലിക്കാരുടെ എണ്ണം തുടങ്ങിയവ സംബന്ധിച്ച രേഖകൾ SIA പഠനസംഘത്തിന് ലഭ്യമായില്ലെന്ന് വിദഗ്ദ്ധസമിതി മനസ്സിലാക്കുന്നു. കച്ചവടക്കാരും സ്ഥലമുടമകളും നൽകിയ വിവരത്തിന്റെ മാത്രം അടിസ്ഥാനത്തിലാണ് മേൽപ്പറഞ്ഞ കാര്യങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയതെന്ന് "അനുബന്ധരേഖകൾ പരിശോധിക്കേണ്ടതാണെന്നുള്ള" പഠനറിപ്പോർട്ടിലെ (പേജ് 34 ,43) പരാമർശത്തിൽ നിന്ന് വ്യക്തമാകുന്നു. നഷ്ടപരിഹാരം നിശ്ചയിക്കുന്ന സമയത്ത് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഈ വസ്തുത ശ്രദ്ധിക്കുമെന്ന് വിദഗ്ദ്ധസമിതി പ്രത്യാശിക്കുന്നു.

15. പദ്ധതിക്കുവേണ്ടി ഏറ്റെടുക്കേണ്ട സ്ഥലത്ത് പൊതുഭൂമി, പൊതുസ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ, വീടുകൾ, കൃഷിഭൂമി എന്നിവ നിലനിൽക്കുന്നില്ലെന്ന് വിദഗ്ദ്ധസമിതിക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. SIA റിപ്പോർട്ടിലും ഇക്കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്.

മേൽപ്പറഞ്ഞ കാരണങ്ങളാൽ മാള സിനഗോഗിലേക്കുള്ള നേരിട്ടുള്ള വഴിക്കുവേണ്ടി തൃശ്ശൂർ ജില്ലയിൽ ചാലക്കുടി താലൂക്കിൽ വടമ വില്ലേജിൽ സർവ്വെ നമ്പർ 575/1ൽ ഉൾപ്പെട്ട ഏകദേശം 215 ച.മീ. (0.0215 ഹെ.) വിസ്തീർണ്ണമുള്ള ഭൂമി ഏറ്റെടുത്താൽ ഉണ്ടാകുന്ന സാമൂഹികാഘാതം ഏറ്റവും കുറവായിരിക്കുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ടി ഭൂമി ഏറ്റെടുക്കുന്നതിന് വിദഗ്ദ്ധസമിതി ഐകകണ്ഠ്യേന ശുപാർശ ചെയ്തുകൊള്ളുന്നു.

..........

[signature] 23/9/19
Dr George Alex
Chairperson